

PIXEL
LittleKites
2018-19

# *Little Kites – GHSS Mathil*




***GHSS Mathil, Mathil PO,***
***Kannur-670307,***
***Ph:04985280800***
***email:***
***mathil13092@gmail.com***

# EDITORIAL

**Chief Editor**

Bharathan P (Headmaster)

**Staff Editor**

Mni P (Senior Assistant)

**Student Editor**

Swaraj ECK

**Editor Board**

Prasad K (Kite Master)
Sruthi C A (Kite Mistress)
Dheeraj C
Eldo Thomas
Akshara P K
Diya S
Fathima Jusaina MTP
Keerthana P

# എഡിറ്റോറിയൽ

മാത്തിൽ ഗവ. ഹയർ സെക്കന്ററി സ്കൂളിലെ 'Little kites' club ന്റെ 'e-മാഗസിൻ' എഡിറ്ററായി എന്നെ തിരഞ്ഞെടുത്തതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

'PIXEL' എന്ന് നാമകരണം ചെയ്ത little kites ന്റെ നേതൃത്വത്തിലുള്ള e-മാഗസിൻ സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള ഒരു നാഴികക്കല്ലാണെന്ന് മാത്രമല്ല ഇതിനു പിറകിൽ പ്രവർത്തിച്ചത് നമുക്ക് സന്തോഷവും സംതൃപ്തിയും നൽകുന്നു എന്നത് കൂടി എടുത്തു പറയേണ്ട ഒരു കാര്യമാണ്.

ഈ മാഗസിൻ നിർമ്മിക്കുന്നതിന് നമുക്ക് ഒരുപാട് പ്രശ്നങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. ഐടി മേഖലയിൽ കുട്ടികളുടെ കഴിവ് തെളിയിക്കുന്ന ഒരു മാഗസിൻ കൂടിയാണ് ഇതെന്നുള്ളതിന് ഒരു സംശയവുമില്ല.

ഈ മാഗസീനിലേക്ക് സൃഷ്ടികൾ തന്ന് സഹായിച്ച എല്ലാഅധ്യാപകരേയും വിദ്യാർത്ഥികളെയും ഞാൻ അഭിനന്ദിക്കുന്നു.

**സ്വരാജ് ഇ സി കെ,**

**സ്റ്റുഡന്റ് എഡിറ്റർ**

# എഡിറ്റോറിയൽ

വിദ്യാഭ്യാസമേഖലയിൽ വലിയൊരുകുതിച്ചു ചാട്ടം നടത്തിക്കൊണ്ടിരിക്കുകയാണ് ഇന്ന് കേരളം. വിവര സാങ്കേതിക വിദ്യയിൽ പാശ്ചാത്യനാടിനോടൊപ്പം കുടപിടിക്കാൻ ത്രാണിതേടി-ക്കൊണ്ടിരിക്കുകയാണ് നമ്മുടെ നാടും. സമൂഹത്തിന്റെ നല്ല മാറ്റത്തിന് വിദ്യാഭ്യാസത്തിന്റെ സ്വാധീനം ഏറെയാണ്. സാമൂഹ്യ പുരോഗതി ലക്ഷ്യം വെച്ചുള്ള വിദ്യാഭ്യാസം മൂല്യാധിഷ്ഠിതവും കൂടിയായിരിക്കണം ; അത് സർഗാത്മകവുമായിരിക്കണം. ഇത്തരത്തിൽ വിദ്യാർത്ഥികളുടെയും അവർക്ക് ദിശാബോധം നൽകുന്ന അധ്യാപകരുടെയും കൂട്ടായ ശ്രമമാണ് ഏതൊരു വിദ്യാലയത്തിന്റെയും മികവ് തെളിയിക്കുന്നത്. സാങ്കേതിക വിദ്യ വികസിക്കുന്നതിനനുസൃതമായി അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അധ്യാപന, പഠന രീതികളിലും വൈവിധ്യം വന്നിരിക്കുന്നു. ഇത്തരത്തിൽ സാങ്കേതിക വിദ്യ വശമാക്കിയ വിദ്യാർത്ഥി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ഇവരുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഇ-മാഗസിൻ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാകുമെന്ന് പ്രത്യാശിക്കാം.

**മിനി പി,**
**സ്റ്റാഫ് എഡിറ്റർ**

# ആശംസ



പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമുയർത്തി കുട്ടികളെ അന്തർദേശീയ നിലവാരത്തിൽ എത്തിക്കുക എന്നത് ഈ പ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികളുടെ മികവുകൾ കണ്ടെത്തുവാനും അത് പരിപോഷിപ്പിക്കുന്നതിനുമുള്ള തനതായ പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടന്നു വരികയാണ്.

എം വി എം കുഞ്ഞിവിഷ്ണു നമ്പീശൻ സ്മാരക ഗവ: ഹയർ സെക്കന്ററി വിദ്യാലയത്തിലെ ലിറ്റൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ അവരുടെ സാഹിത്യ രചനകൾ, ഐ ടി സാങ്കേതിക വിദ്യയിലുള്ള കഴിവുകൾ പ്രയോജനപ്പെടുത്തി തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**ഭരതൻ പി (ഹെഡ്മാസ്റ്റർ)**

## ഉള്ളടക്കം


എന്റെ വിദ്യാലയം....................................................1
പറക്കട്ടെ സ്വതന്ത്രരായ്....................................................6
എന്റെ അമ്മാളൂഅമ്മ....................................................7
പൂമൊട്ടിനോട്....................................................9
കൊച്ചനുജത്തി....................................................11
ആഗ്രഹം....................................................13
Photography....................................................14
അതിജീവനം....................................................19
ദേവിയോട്ടുകാവിലെ ജൈവവൈവിധ്യ സംരക്ഷണത്തിൽ ആചാരാനുഷ്ഠാനങ്ങൾക്കുള്ള പങ്ക്
....................................................20
THE FIRST SIGHT....................................................22
WITH TIME AND LIFE....................................................23
കൊട്ടാരങ്ങളുടെ നഗരത്തിലേക്ക്....................................................24
दिल की धडकन....................................................28
സ്പന്ദനം - ഓക്സിജന്റെ ആത്മകഥ....................................................29
BE A READER, MAKE OTHERS READERS....................................................32
അമ്മേ.... ഭൂമി....................................................33
Pencil drawing....................................................34
കുട....................................................36
തേനീച്ചയും ഉറുമ്പച്ചനും....................................................37
പ്രകൃതി....................................................38
ROLE OF STUDENTS TO PROTECT ENVIRONMENT....................................................39
പൂവ്....................................................40
THE OLD WITCH....................................................41
FRIENDSHIP....................................................42
സ്വപ്നം....................................................43
Water colour....................................................44
പ്രകൃതിയാം അമ്മ....................................................45
ബാല്യകാലം....................................................46

# എന്റെ വിദ്യാലയം













അക്ഷരങ്ങളുടെയും അറിവിന്റെയും ലോകം ജനസാമാന്യത്തിനു തുറന്നു നൽകുന്ന വിദ്യാലയങ്ങൾ ഓരോ നാടിന്റെയും സാംസ്കാരിക ചിഹ്നങ്ങളാണ്. അജ്ഞതയുടെ അന്ധകാരത്തിൽ നിന്നും അറിവിന്റെ വെളിച്ചത്തിലേക്ക് ജനങ്ങളെ കൈപിടിച്ചുയർത്തുന്ന വിദ്യാഭ്യാസ പ്രക്രിയ ഒരു സമൂഹത്തെയാകെ മാറ്റിമറിക്കുന്നു. 'വിദ്യാവിഹീന പശു' എന്ന വാക്യം വിദ്യാഭ്യാസത്തിന്റെ ഔന്നിത്യം നമ്മോട് വിളിച്ചോതുന്നു. ജനാധിപത്യപരവും വികസനോന്മുഖവുമായ വിദ്യാഭ്യാസം നേടുക എന്നത് ഏതൊരു പൗരന്റെയും അവകാശവും അത് നൽകുക എന്നത് സർക്കാറിന്റെ ചുമതലയും സമൂഹത്തിന്റെ ഉത്തരവാദിത്വവുമാണ്.

ആയിരങ്ങൾക്ക് അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നുനൽകുകയും വിവിധ രംഗങ്ങളിൽ മികവാർന്ന പ്രതിഭകളെ സൃഷ്ടിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന എം വി എം കുഞ്ഞിവിഷ്ണു നമ്പീശൻ സ്മാരക ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ഈ പ്രദേശത്തിന്റെ മാർഗദീപവും അഭിമാനവുമാണ്.

## ചരിത്രം

മാത്തിലും പരിസരത്തുമുള്ള ജനങ്ങളുടെ വിദ്യാഭ്യാസം സാധിതമാക്കാനും പുരോഗമന പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചു എന്നതിനാൽ സർട്ടിഫിക്കറ്റ് സസ്പെൻഡ് ചെയ്യപ്പെട്ട ജയിൽവാസം അനുഭവിക്കേണ്ടിവന്ന ശ്രീ എം രാഘവൻ നമ്പ്യാരെ പോലെയുള്ളവരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് വേണ്ടിയാണ് മാത്തിൽ ഹയർ എലിമെന്ററി സ്കൂൾ 1950 ൽ സ്ഥാപിതമായത്. കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്തിന്റെ പ്രഥമ പ്രസിഡൻറും ഈ നാടിന്റെ സർവോന്മുഖമായ വികസനത്തിന് അനുദിനം പ്രവർത്തിക്കുകയും ചെയ്തു ശ്രീ എം വി എം കുഞ്ഞിവിഷ്ണു നമ്പീശൻ ആണ് ഈ വിദ്യാലയം സ്ഥാപിച്ചത്.

1957 ൽ അധികാരത്തിൽവന്ന ശ്രീ ഇ എം എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള സർക്കാർ മലബാറിൽ 36 ഗവൺമെൻറ് ഹൈസ്കൂളുകൾ അനുവദിക്കാൻ

തീരുമാനിച്ചു.തീരുമാനമനുസരിച്ച് മാത്തിലിൽ പുതിയ ഹൈസ്കൂൾ അനുവദിക്കണമെങ്കിൽ തന്റെ സ്കൂളിന്റെ പ്രവർത്തനം അവസാനിപ്പിക്കണമെന്ന് ക്രാന്തദർശിയായ ശ്രീ കുഞ്ഞിവിഷ്ണു നമ്പീശൻ മനസ്സിലാക്കുകയും പുതിയ കെട്ടിടവും സ്ഥലവും സൗജന്യമായി നൽകാമെന്ന് സർക്കാറിനു ഉറപ്പുനൽകുകയും ആയതിൻ പ്രകാരം ഹൈസ്കൂൾ അനുവദിക്കപ്പെടുകയും ചെയ്തു. കാറ്റാടി സ്കൂൾ എന്നറിയപ്പെട്ട മാത്തിൽ ഹയർ എലിമെന്ററി സ്കൂളിന്റെ പ്രവർത്തനം അവസാനിപ്പിക്കുകയും അവിടെ പഠിച്ചിരുന്ന കുട്ടികളുടെ ടിസി പുതിയ സ്കൂളിലേക്ക് നൽകുകയും ചെയ്തു. അങ്ങനെ ആ ചരിത്രനിമിഷം, 1957 ജൂലൈ 13 ന് ശ്രീ പി ടി ഭാസ്കരപ്പണിക്കർ മാത്തിൽ ഗവൺമെൻറ് ഹൈസ്കൂൾ ഉദ്ഘാടനം ചെയ്തു.

പഴയ സ്കൂളിലും കട മുറികളിലും ലഭ്യമായ മറ്റു സ്ഥലത്തും 5 മുതൽ 11 വരെ ക്ലാസുകൾ പ്രവർത്തനം ആരംഭിച്ചു. ആലന്തട്ട മാത്തിൽ നാരായണൻ നമ്പീശനിൽ നിന്നും സൗജന്യമായി ലഭിച്ച 6 ഏക്കർ സ്ഥലവും അബ്ദുൾഖാദർ ഹാജി സൗജന്യമായി നൽകിയ സ്ഥലവും ഉൾപ്പെട്ട സ്കൂൾ സ്ഥലത്ത് ഒരു ഹാൾ നാട്ടുകാരുടെ സംഭാവനയായി നിർമ്മിക്കുകയും ചെയ്തു. തുടർന്ന് നാട്ടുകാരുടെയും സർക്കാറിന്റെയും ഫണ്ട് ഉപയോഗിച്ച് വിവിധ കെട്ടിടങ്ങൾ നിർമ്മിച്ചു .

1970 കളോടു കൂടി സ്ഥലപരിമിതിയും വിദ്യാർത്ഥികളുടെ ബാഹുല്യവും മൂലം ഷിഫ്റ്റ് സമ്പ്രദായത്തിലേക്ക് മാറിയ ഈ വിദ്യാലയം 1996 ൽ പൂർത്തിയായ, ശ്രീ ഇ കെ നായനാർ അനുവദിച്ച 16 മുറികളുള്ള ഇരുനില കെട്ടിടം വന്നതോടുകൂടി ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചു.

1998 ൽ സ്കൂൾ ഹയർസെക്കൻഡറിയായി ഉയർത്തപ്പെട്ടു. രണ്ട് സയൻസ് ബാച്ചും ഒരു കൊമേഴ്സ് ബാച്ചും അടക്കം അൻപത് കുട്ടികൾ വീതമുള്ള മൂന്നു ബാച്ചുകൾ ആണ് പ്രാരംഭഘട്ടത്തിൽ ഉണ്ടായിരുന്നത്. 2008 ൽ രണ്ട് അഡീഷണൽ ബാച്ച് കൂടി അനുവദിക്കപ്പെട്ടതോടെ അഞ്ച് ബാച്ചുകൾ ഹയർസെക്കൻഡറിയിൽ ഇപ്പോൾ പ്രവർത്തിക്കുന്നു.

2000 ത്തിൽ സ്കൂൾ സ്ഥാപിച്ച ശ്രീ എം വി എം കുഞ്ഞിവിഷ്ണു നമ്പീശന്റെ ബഹുമാനാർത്ഥം വിദ്യാലയം എം വി എം കുഞ്ഞിവിഷ്ണു നമ്പീശൻ സ്മാരക ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂൾ എന്ന്

പുനർനാമകരണം ചെയ്യപ്പെട്ടു. 2007-08 വർഷം ഈ വിദ്യാലയം സുവർണ്ണ ജൂബിലി വർഷമായി ആചരിക്കുകയും വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി നാട്ടുകാരുടെയും പൂർവ്വവിദ്യാർഥികളുടെയും സഹായത്തോടെ സ്കൂളിൽ ആധുനിക സൗകര്യത്തോടു കൂടിയ ഒരു കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കപ്പെട്ടു. ഹയർസെക്കൻഡറി കോംപ്ലക്സ് നിലവിൽ വന്നതോടുകൂടി ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിലുണ്ടായിരുന്ന കുറവിന് അല്പം ആശ്വാസമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും നൽകിയ ഫണ്ടുകളും മറ്റും ഉപയോഗിച്ച് അതാത് കാലത്തെ പിടിഎ കമ്മിറ്റികൾ നടത്തിയ മാതൃകാപരമായ വികസന പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തെ ഇന്നത്തെ നിലയിൽ എത്തിച്ചിരിക്കുന്നു.

## <u>വിദ്യാലയം ഇന്ന്</u>

കണ്ണൂർ ജില്ലയിൽ കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്തിൽ മാത്തിലിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം പഞ്ചായത്തിലെ ഏക ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂൾ ആണ്. 5 മുതൽ 12 വരെ ക്ലാസുകളിലായി 1400 ൽ അധികം കുട്ടികൾ പഠിച്ചുവരുന്നു. അമ്പതിലധികം അധ്യാപകരും ഏഴ് അനധ്യാപകരും ഹയർസെക്കൻഡറിക്ക് പ്രിൻസിപ്പാളും ഹൈസ്കൂളിന് ഹെഡ്മാസ്റ്ററും മേധാവികളായി ഉണ്ട്. കാങ്കോൽ ആലപ്പടമ്പ പഞ്ചായത്തിൽ നിന്നു പൂർണമായും എരമം-കുറ്റൂർ, പെരിങ്ങോം വയക്കര, പയ്യന്നൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ ചില പ്രദേശങ്ങളിൽ നിന്നും കുട്ടികൾ പഠനത്തിനായി എത്തിച്ചേരുന്നു. മലമ്പ്രദേശമായതിനാൽ ഏറെ യാത്രാദുരിതം കുട്ടികൾ അനുഭവിക്കുന്നു.

വിദ്യാലയത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാൻ പി ടി എ , എസ് എം സി , എസ് എസ് ജി തുടങ്ങിയ കമ്മറ്റികൾ പ്രവർത്തിച്ച വരുന്നു. വിവിധ ഏജൻസികളിൽ നിന്നും വികസനത്തിനാവശ്യമായ ഫണ്ട് കണ്ടെത്താൻ ഈ കമ്മറ്റികൾ ശ്രമിച്ച വരുന്നു.

പാഠ്യ പഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച നിലവാരം പുലർത്താൻ നമ്മുടെ വിദ്യാലയത്തിന് സാധിക്കുന്നു. എസ് എസ് എൽ സി , പ്ലസ് ടു പൊതു പരീക്ഷകളിൽ മികച്ച വിജയം നേടിയെടുക്കാൻ സാധിക്കുന്നു. കായിക മേളയിൽ മികച്ച പങ്കാളിത്തം ഉണ്ടാക്കാനും യുവജനോത്സവ വിദ്യാരംഗ മത്സരങ്ങളിൽ സംസ്ഥാനതലം വരെ കുട്ടികളെ പങ്കെടുപ്പിക്കാനും സാധിക്കുന്നു എന്നത് എടുത്തു പറയേണ്ടതാണ്. ശാസ്ത്ര ഗണിതശാസ്ത്ര പ്രവൃത്തി പരിചയ മേളകളിലും സംസ്ഥാനതല പങ്കാളിത്തം ഉണ്ടാകാറുണ്ട്.

ക്ലബ് പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ മികവാർന്ന രൂപത്തിൽ നടക്കുന്നു. എച്ച് എച്ച് എസ് തലത്തിൽ എൻ എസ് എസ് പ്രവർത്തനം മാതൃകാപരമായി നടക്കുന്ന ഇക്കോ ക്ലബ്, സൗഹൃദ ക്ലബ് തുടങ്ങിയവയും മികവാർന്ന പ്രവർത്തനം നടത്തുന്നു. JRC, സ്കൗട്ട് , സയൻസ് ക്ലബ് , സാമൂഹ്യ ശാസ്ത്ര ക്ലബ്, ഗണിത ശാസ്ത്ര , ഐ ടി ക്ലബ് , ലിറ്റൽ കൈറ്റ്സ് തുടങ്ങിയവയും നല്ല രീതിയിൽ വിദ്യാലയത്തിൽ നടക്കുന്നു. സർക്കാർ നിർദേശിക്കുന്ന എല്ലാ പ്രവർത്തനങ്ങളും ചിട്ടയായി നടക്കാൻ സ്കൂളിന് സാധിക്കാറുണ്ട് .

# പറക്കട്ടെ സ്വതന്ത്രരായ്

മിനി. പി (എച്ച് എസ് ടി മലയാളം)

കീഴടക്കാൻ എളുപ്പമാണ് ഈ ചെറു മനസ്സുകളെ. കാരണം അവരിൽ കളങ്കമില്ല. അവർക്ക് എല്ലാം അത്ഭുതമാണ്. അവർ ഒന്നിലും ചതിവുകാണുന്നില്ല. അതുകൊണ്ടുതന്നെ എല്ലാ ചതികളും ചതിക്കുഴികളും വിദ്യാലയങ്ങൾക്ക് ചുറ്റും വട്ടമിട്ടിരിക്കുകയാണ്. ഇതിനെ കുറിച്ച് ബോധവാന്മാരല്ലാത്ത ഒരു ചെറു ശതമാനം രക്ഷിതാക്കളെങ്കിലും ഉണ്ട് എന്നതാണ് യാഥാർഥ്യം. മയക്കുമരുന്നുകൾ ഉൾപ്പെടെയുള്ള ലഹരിപദാർത്ഥങ്ങൾ പല രൂപത്തിലും വേഷത്തിലുമാണ് ഇന്ന് സ്കൂൾ ക്യാമ്പസുകളിലെത്തുന്നത്. നമ്മുടെ കുട്ടികൾ അറിയാതെ അതിന് വശംവദരാകുമ്പോൾ ഭാവിതലമുറ എങ്ങനെയാകുമെന്ന് നാം ഭയപ്പെ-ടേണ്ടിയിരിക്കുന്നു. സമൂഹത്തിന്റെ പിന്തുണയോടെ അധ്യാപക സമൂഹത്തിനും ഏറെ ചെയ്യാനുണ്ട്. കുട്ടികളിൽ വിശ്വാസ്യതയുണ്ടാക്കുക എന്നുള്ളതാണ് നമ്മുടെ ഏറ്റവും വലിയ ദൗത്യം. കുട്ടികളെ പട്ടം പോലെ വാനിൽ സ്വതന്ത്രമായി പറക്കാൻ അനുവദിക്കുമ്പോഴും അവരെ നിയന്ത്രിക്കുന്ന നമ്മൾ ആ ചരട് പൊട്ടാതെ അവരെ പറക്കാൻ സഹായിക്കണം.

# എന്റെ അമ്മാളുഅമ്മ

നന്മ. എം എം (9A)

രാവിലെ എണീക്കുമ്പോൾ വീട് നിശബ്ദമായിരുന്നു. എന്താ ഇത്? ഒരു മന്ദത? എനിക്കെന്തോ ഒരു കൺഫ്യൂഷൻ ആകെ അങ്കലാപ്പ്. ഞാൻ അടുക്കളയിൽ മായമ്മയും അയലത്തെ ഒരു സ്ത്രീയും കൂടി സംസാരിക്കുന്നതാണ് കണ്ടത്. വിഷമത്തിന്റെ നേരിയ പാട അവരുടെ മുഖമാകെ വന്നു പടരുന്നതായി എനിക്ക് മനസ്സിലായി.

ഞാൻ വന്നതറിഞ്ഞ് മായമ്മ എണീറ്റു. എന്താ മോളെ ഉണർന്നോ, വാ ചായ തരാം പോയി പല്ലു തേക്കൂ. പ്രാതലിനിടയിൽ മായമ്മ ഒന്നും സംസാരിച്ചില്ല. ഒടുവിൽ ഞാൻ തന്നെ മൗനം ഭജിച്ചു. അതേ മായമ്മേ അമ്മയെവിടെ? അച്ഛനും? മായമ്മ എന്തോ പറയാൻ ശ്രമിച്ചു. പക്ഷേ കണ്ഠത്തിൽ ഉടക്കിയത് പോലെ. പെട്ടെന്ന് സംസാരം നിലച്ചു. എനിക്ക് ചോദ്യം വീണ്ടും ആവർത്തിക്കേണ്ടി വന്നു.



പുറത്തുപോയി മോളെ. പക്ഷേ മായമ്മയുടെ സ്വരങ്ങളിൽ വിഷാദത്തിന്റെ കൂട്.


എന്നിരുന്നാലും ഞാൻ മായമ്മയോട് പറഞ്ഞു. ഭക്ഷണത്തിനുശേഷം മായമ്മയും എന്റെ ഒന്നിച്ച് വരണം അമ്മാളു അമ്മയുടെ അടുത്തേക്ക്. ഇങ്ങോട്ട് കുറേനാളായി വരാത്തതാണല്ലോ. എന്റെ പ്രാതൽ കഴിഞ്ഞ് ഞാൻ തിടുക്കം കൂട്ടി. അമാളുവമ്മയുടെ അടുത്തു പോവാൻ. എന്റെ അമ്മാളു അമ്മ, കളിപ്പാട്ടങ്ങളുടെ രാജ്ഞി. എനിക്ക് എന്തോരം കളിപ്പാട്ടങ്ങളാ ഉണ്ടാക്കിത്തന്നത്. തീർച്ചയായും ഒരു കഥയെങ്കിലും കേൾക്കണം ഇന്നു പോയാൽ. എന്നാൽ മായമ്മയുടെ

നിരാശയുണർത്തുന്ന മറുപടി എന്നെ ഞെട്ടിച്ചു. പിന്നെ ഞാൻ അവരുടെ അനുവാദത്തിന് കാത്തുനിൽക്കാതെ അമ്മാളു അമ്മയുടെ വീട്ടിലേക്കോടി.

അവിടെ നിലത്ത് വെളുത്ത തുണിയിൽ കിടക്കുന്ന എന്റെ പ്രിയ അമ്മാളു അമ്മ. നിലവിളക്ക് കത്തിച്ചു വച്ചിട്ടുണ്ട്. ചുറ്റിനും

ആൾക്കാർ കൂടിയിട്ടുണ്ട്. അച്ഛനും അമ്മയും അവിടെ ഉണ്ടായിരുന്നു. നിലവിളിയും തേങ്ങലുകളും. ഞാൻ അമ്മാളു അമ്മയുടെ മുഖത്തേക്ക് നോക്കി . ഒരു അവസാനിക്കാത്ത കഥ പോലെയെങ്കിലും ഉണരാതെ ഉറങ്ങുന്ന ആ മുഖത്തേക്ക് നിർജീവമായ എന്റെ കണ്ണുകൾകൊണ്ട് നോക്കി.

# പൂമൊട്ടിനോട്



നീയെന്തിനാഗതയായി നവപുഷ്പമേ
ഈ കൊടും കാനനത്തിൽ
നിന്റെ സ്വപ്നത്തിൻ മൃദുശയ്യയല്ലിത്
നിൻ പിഞ്ചുഹൃദയം നുറുങ്ങിടുമ്പോഴും
കണ്ടില്ലെന്നു നടിക്കുമീ പുരോഗമനവാദികൾ....
കലിതുള്ളിയെത്തിയൊരാ കാലവർഷം
സർവനാശിനിയായ നിമിഷങ്ങൾ....
ജനനിതൻ മാറുപിളർത്തെറിഞ്ഞ നേരത്ത്
കൈ മെയ് മറന്ന് തൻ സോദരെ കാക്കുവാൻ
ഓരോ മനുഷ്യനും ദൈവമായി
ഒരമ്മ തൻ മക്കൾ മർത്യർ
ഒന്നിച്ചു പ്രളയവും ഭയന്നോടി.
എങ്കിലും ഉടുതുണിക്ക് മറുതുണിയില്ലാതെ
ഒരു നേരത്തെ അന്നമില്ലാതെ
കേറിക്കിടക്കുവാൻ കൂടിലുമില്ലാതെ
ഒരു ജനത ഇരുളിന്റെ മറവിൽ നീറിടുന്നു
ദുരിതങ്ങളൊന്നും ഒടുങ്ങിയിട്ടില്ല,
പെണ്ണിനെ മല ചവുട്ടിക്കുവാനും
വിഹായസ്സിനെ സ്പർശിക്കും
ശിൽപ്പങ്ങൾ ഉയർത്തുവാനും
അഹോരാത്രം പ്രയത്നിക്കും
"മനുഷ്യൻ " ഒരു മാത്ര ഇവർക്കായി മാറ്റിയെങ്കിൽ....
കണ്ണീര് തോരാമഴപോലെ
ചിന്നിച്ചിതറിടുമ്പോഴും ഭാവി -
സ്വപ്നങ്ങൾ എരിഞ്ഞടങ്ങുമ്പോഴും
ഇരു കൈയും കെട്ടി ഞെളിഞ്ഞു നടന്ന്




സന്തതം ദ്രവ്യം മാത്രം കിനാവു കാണുന്ന
ഇവരോട് ചൊല്ലിയിട്ടിതെന്തു കാര്യം!
ഇല്ല! ആരുമേയില്ല നിൻ
രക്ഷകരാകുവാൻ, നിന്റെ
ചുറ്റിലും നിൻ പിഞ്ചുമേനി കൊത്തിവലിച്ചു
കീറുവാൻ കൊതിക്കുന്ന
കഴുകന്മാരെന്നു നീ ഓർക്കുക...
രക്ഷകരാകേണ്ടവർ തന്നെ ശിക്ഷകരാകുമ്പോൾ
ആരോടു വിലപിക്കേണ്ടു ...
കുഞ്ഞേ, നീ തന്നെ നിനക്ക്
കാവലാളാവുക ,വളരുക നന്മയ്ക്കായി
പൊരുതി ജയിക്കുക.......

നന്ദന കെ എം (8A)

# കൊച്ചനുജത്തി

ആദിത്യ കെ വി (8A)

നേരം വെളുക്കാറായി. മനു അപ്പോഴേക്കും പത്രം വിൽക്കാൻപോകാനുള്ള തയ്യാറെടുപ്പിലായിരുന്നു. അതിനു ശേഷം വേണം പാൽ വിൽക്കാൻ പോകാൻ. മീനു ഉണരുമ്പോഴേക്കും അവൻ തിരിച്ചെത്തും. മീനുവിനെ കുളിപ്പിക്കുന്നതും ഉടുപ്പിട്ടുകൊടുക്കുന്നതും അവനാണ്. അവളിപ്പോൾ ഒന്നാം ക്ലാസിലാണ് പഠിക്കുന്നത്.മീനുവിന്റെ അച്ഛനും അമ്മയുമെല്ലാം ഇപ്പോൾ അവനാണ്. അവളുടെ പൊന്നു ചേട്ടൻ മനുവിനിപ്പോൾ പതിനാലു വയസ്സേ ആയിട്ടുള്ളൂ എങ്കിലും മീനുവിനെ നോക്കുന്നതും അവളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതുമെല്ലാം അവനാണ്. മനു ഏഴാം ക്ലാസിൽ പഠിക്കുമ്പോഴാണ് അവരുടെ അച്ഛനും അമ്മയും മരണപ്പെടുന്നത്. അതുവരെ സന്തോഷത്തോടെ ജീവിച്ചിരുന്ന അവന്റെ ജീവിതം അതോടെ ഇല്ലാതായി. എങ്കിലും മനു ധൈര്യം സംഭരിച്ചു. എത്ര കഷ്ടപ്പെട്ടും തന്റെ അനുജത്തിയെ വളർത്താൻ അവൻ തീരുമാനിച്ചു. പക്ഷെ മാതൃവാത്സല്യം നുകർന്ന് മതിയാവാത്ത ആ കുഞ്ഞു മനസ്സിനെ സമാധാനിപ്പിക്കാൻ അവന് പലപ്പോഴും കഴിഞ്ഞില്ല.

അമ്മയെ കാണണമെന്ന് വാശിപിടിച്ച് കരയുമ്പോൾ എന്ത് പറയണമെന്ന്അവനറിയില്ലാമായിരുന്നു. അമ്മ മോൾക്ക് പുത്തനുടുപ്പും വാങ്ങി വരും എന്ന് പറഞ്ഞ് മീനുവിനെ അവൻ സമാധാനിപ്പിക്കും. മനുവിന്റെ എല്ലാ ദുഃഖങ്ങളും ഇല്ലാതാകുന്നത് അവളുടെ കൊഞ്ചിക്കൊഞ്ചിയുള്ള വർത്തമാനം കേൾക്കുമ്പോഴാണ്. അവളെ പഠിപ്പിച്ച് നല്ല നിലയിലെത്തിക്കണം അത് മാത്രമാണ് അവന്റെ ആഗ്രഹം. ഒരു സുന്ദരിയായ പാവക്കുട്ടിയെ വേണം എന്നതായിരുന്നു അവളുടെ ഏക ആഗ്രഹം. അതിനായി അവൾ എപ്പോഴും ചേട്ടനോട് കൊഞ്ചും. എന്നാൽ അവന്റെ കയ്യിൽ അതിനു മാത്രമുള്ള പണം ഉണ്ടായിരുന്നില്ല.

പക്ഷെ അവൻ മീനുട്ടി കാണാതെ ദിവസവും കുറച്ച് പണം സൂക്ഷിച്ചു വയ്ക്കുമായിരുന്നു. അത് അവളുടെ പിറന്നാൾ ദിവസം

പാവക്കുട്ടിയെ വാങ്ങി നൽകാനാണ്. മനുവിന്റെ ഏറ്റവും വലിയ ചെലവ് മീനുവിന്റെ ബസ് ഫീസാണ്. അവളും എല്ലാവരേയും പോലെ ജീവിക്കണം. അവൾ ഒരു കഷ്ടപ്പാടും അറിയാൻ പാടില്ല എന്നു കരുതിയാണ് അവളേയും ബസിൽ വിടുന്നത്. അങ്ങനെ മനു പതിവുപോലെ പത്രം വിൽക്കാൻപോയി. തിരിച്ചുവന്ന് മീനുവിനെ കുളിപ്പിച്ച് സുന്ദരിക്കുട്ടിയാക്കി പൊന്നുമ്മയും നൽകി സ്കൂളിലേക്ക് യാത്രയാക്കി.

അന്ന് വൈകുന്നേരം സമയം ഏറെ വൈകിയിട്ടും സ്കൂൾ ബസ് വന്നില്ല. അവൻ ഏറെ ഭയന്നു. സമയം പോകുന്തോറും അവന്റെ ഉള്ളിലെ തീ ആളിക്കത്തി. എങ്ങോട്ട് പോകണമെന്നോ എന്ത് ചെയ്യണമെന്നോ അവനറിയില്ലാമായിരുന്നു. അവൻ ആകെ തളർന്നുപോയി. അവന്റെ ഹൃദയത്തിൽ തുളച്ചുകയറുന്ന മൂർച്ചയോടെ അവിടേക്ക് ഒരു വാഹനം പാഞ്ഞടുത്തു.

വെളുത്ത തുണിയിൽ പൊതിഞ്ഞ തന്റെ കൊച്ചനുജത്തിയെ അവളുടെ കൊച്ചു കളിമുറ്റത്തേക്ക് ആരൊക്കെയോ ചേർന്ന് ഇറക്കി വച്ചു.അവൻ ഒരു നിമിഷം നിശ്ചലമായി. ചേട്ടാ എന്ന് വിളിച്ച് തുള്ളിച്ചാടിവരുന്ന തന്റെ കൊച്ചനുജത്തി വെള്ള തുണിയിൽപൊതിഞ്ഞ് കിടക്കുന്നതു കണ്ട അവൻ തകർന്നുപോയി. ആരൊക്കെയോ ചേർന്ന് അവനെ സമാധാനിപ്പിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു. പക്ഷെ തന്റെ ജീവനായ പൊന്നനുജത്തി ഈ ചേട്ടനെ വിട്ട് പോയി എന്ന സത്യം അവന് ഉൾക്കൊള്ളാൻ സാധിച്ചില്ല. പെട്ടെന്ന് അവൻ അകത്തേക്കോടി. പിറന്നാളിന് നൽകാൻ വച്ചിരുന്ന പാവ എടുത്ത് അവളുടെ ഹൃദയത്തിൽ ചേർത്ത് വച്ച് അവസാനമായ് ഒരു പൊന്നുമ്മയും നൽകി. പിന്നെ എങ്ങോട്ടെന്നില്ലാതെ ഇറങ്ങി നടക്കാൻ തുനിഞ്ഞ അവനെ പലരും തടയാൻ ശ്രമിച്ചു. പക്ഷെ അവൻ നിന്നില്ല. പോകുമ്പോൾ അവൻ പിറുപിറുക്കുന്നുണ്ടായിരുന്നു "ന്റെ മോള് ഇപ്പം സ്കൂളീന്ന് വരും ഞാൻ പോയി കൂട്ടട്ടെ ”

പാവം, എല്ലാവരും പരസ്പരം പറഞ്ഞു. പക്ഷെ തന്റെ അച്ഛനും അമ്മയും പൊന്നനുജത്തിയും ഇല്ലാത്ത ഈ ലോകത്ത് താനെന്തിനാ എന്നവൻ ചിന്തിച്ചിട്ടുണ്ടാകണം.

# ആഗ്രഹം

പൂമ്പാറ്റയായി ഞാൻ പൂക്കളെക്കാണാഞ്ഞ്
പൊട്ടിക്കരഞ്ഞുകൊണ്ടോർത്തു
പാറിപ്പറക്കുന്ന ചെമ്പരുന്തായെങ്കിൽ
പാരിടമാകവേ ചുറ്റാം
പാറിപ്പറക്കുന്ന ചെമ്പരുന്തായ ഞാൻ
മാമരം തേടിയലഞ്ഞു
മാമരം വേണ്ടെന്നു വായിട്ടലയ്ക്കുന്ന
മാനുഷനാകുവാൻ ആഗ്രഹിച്ചു
നാനാതരത്തിലും തമ്മിലടിച്ചപ്പോൾ
മാവേലി മന്നനെയോർത്തു
ആരുമറിയാതെ മന്നനോടൊത്തു ഞാൻ
പാതാളലോകത്തു ചെന്നു
പൂക്കളെക്കണ്ടു ഞാൻ പൂമ്പാറ്റയായി ഞാൻ
പൂന്തേൻ നുകർന്നു വസിച്ചു
മാനുഷനെത്താത്ത കാലം വരേയ്ക്കും ഞാൻ
മാനസം പൂത്തു വസിക്കും

നന്ദന കെ എം (8A)

# Photography-
# Eldo Thomas (9E)




EldoThomas Photography


Eldo Thomas
Photography


©ELDOTHOMAS PHOTOGRAPHY


ELDO THOMAS PHOTOGRAPHY


EldoThomas Photography


|| ELDOTOMAS PHOTOGRAPHY ||


EldoThomas Photography




ELDO THOMAS PHOTOGRAPHY

# അതിജീവനം

നന്ദ. എം എം (9A)

പുഴകളെ നോവിച്ചപ്പോൾ നാം
ഓർത്തില്ലായിരുന്നു അതിന്റെ മറുവശം
ഇരുമുഖമുള്ള നാണയത്തുട്ടുപോൽ
അങ്ങനെ എന്നും അത് നിലകൊള്ളുന്നു
പ്രളയമോ, ദുരിതമോ, വരൾച്ചയോ
നമ്മുടെ ഒടുവിലത്തെ വഴികാട്ടിയാകുക ?
ഹരിതചാരുത മഹിമയെല്ലാം
ആണ്ടുപോയി ജലയുദ്ധത്തിൽ
കേരളനാടിൻ  ചരിത പൈതൃക -
മിന്നുപോയി വേഗത്തിൽ
കണ്ണീരുണങ്ങാത്ത പാടിപുഴയിലും
മൂകം വിതുമ്പി നിൻ നഷ്ടസ്വപ്നം
കനലെതിർ ചൂടും തണലേറ്റു മായും
തെളിയുന്നു നിൻ മനസ്സിൽ
മാനവ ആത്മഗീതം തെളിയുന്നു നിന്നിൽ
പ്രളയക്കെടുതിയും മൃദുമന്ദഹാസവും
രാകേന്ദുകിരണത്തിൻ ഗോപുരമേടയിൽ
രാപ്പാടി വേർപാടിൻ ശ്രുതി മീട്ടി
പരിഭവയാമിനി നീ മിഴിനീരണിഞ്ഞു
പാരിജാത പുഞ്ചിരിയണഞ്ഞിടുന്നു
കേരളം ഇന്ന് അസ്ഥിയായിപ്പോയി
വെറും മജ്ജയില്ലാ ശവമായിപ്പോയി
എങ്കിലും മാനവ നന്മ വിടരുന്നു
പൂക്കളിൽ , പുഴകളിൽ , ..................................

# ദേവിയോട്ടുകാവിലെ ജൈവവൈവിധ്യ സംരക്ഷണത്തിൽ ആചാരാനുഷ്ഠാനങ്ങൾക്കുള്ള പങ്ക്

ധീരജ് സി ,സിദ്ധാർത്ഥ് ടി (9B)

കേരളത്തിൻറെ സംസ്കാരത്തിലും പാരമ്പര്യത്തിലും സവിശേഷമായ പങ്കുവഹിക്കുന്ന അനന്യവും പൗരാണികവുമായ നിത്യഹരിതവനങ്ങളുടെ അവശേഷിപ്പുകളാണ് കാവുകൾ. കണ്ണൂർ ജില്ലയിലെ ഏറ്റവുംവലിയ കാവായ തെയ്യോട്ട് കാവ് കണ്ണൂർ കാസർഗോഡ് ജില്ല അതിർത്തിയിൽ നിന്നും അകലെയല്ലാതെ ആലപ്പടമ്പ് ഗ്രാമത്തിൽ സ്ഥിതിചെയ്യുന്നു. തെയ്യോട്ട് കാവിലെ അനുഷ്ഠാനങ്ങൾക്കും വിലക്കുകൾക്കും കാവിന്റെ ജൈവവൈവിധ്യം നിലനിർത്തുന്നതിൽ പങ്കുണ്ട്. കാവ് ജൈവവൈവിധ്യത്താൽ സമ്പന്നമാണ്. മീതെ ചെങ്കൽത്തരിശിൽ തുടങ്ങി മധ്യഭാഗത്ത് നിത്യഹരിതവനവും താഴെ വയലിനോടു ചേർന്നുള്ള മെരിസ്റ്റിക്ക ചതുപ്പും ഉൾപ്പെടെ വ്യത്യസ്ത ആവാസവ്യവസ്ഥകൾ ചേർന്നുള്ള പ്രത്യേക ഭൂപ്രകൃതി തെയ്യോട്ട് കാവിനെ മറ്റു കാവുകളിൽ നിന്നും വ്യത്യസ്തമാക്കുന്നു. വൃശ്ചികമാസം മുതൽ ഏകദേശം ഒരു മാസംവരെ നീണ്ടു നിൽക്കുന്ന കളിയാട്ടം നടക്കുക കാവിനു പുറത്തുള്ള ഭാഗത്താണ് . മുതലാളർ എന്ന പ്രധാന തെയ്യമുൾപ്പെടെ നിരവധി തെയ്യങ്ങൾ കെട്ടിയാടുന്ന ഇവിടെ ഉയർന്ന ജാതിക്കാർക്കും സ്ത്രീകൾക്കും പ്രവേശനമില്ല. മാവിലാൻ സമുദായക്കാർക്കു മാത്രമാണ് കാവിന്റെ ഉൾഭാഗത്തേക്ക് പ്രവേശനമുള്ളത്. കൃത്രിമ വെളിച്ചമോ വെടിക്കെട്ടോ ഫോട്ടോഗ്രാഫിയോ കാവിനുള്ളിൽ അനുവദനീയമല്ല. ശക്തമായ വിലക്കുകൾ മൂലം മനുഷ്യ ഇടപെടലുകൾ കുറഞ്ഞതിനാൽ ജൈവവൈവിധ്യ സമ്പന്നമാണ് ഇവിടം . 120 ഇനം തദ്ദേശീയ സസ്യങ്ങൾ, 180 ൽ അധികം ഔഷധച്ചെടികൾ, 45 ഇനം ചിത്രശലഭങ്ങൾ , 18 ഉരഗങ്ങൾ, 19 ഇനം ഉഭയജീവികൾ, 25 ഇനം പക്ഷികൾ 20 ഇനം സസ്തനികൾ തുടങ്ങി ഒട്ടേറെ പ്രധാന സസ്യ ജന്തുജാലങ്ങൾക്കുള്ള അഭയാരണ്യമായി ഈകാവ് വർത്തിക്കുന്നു.

കൂടാതെ കാവടിവേരുകളോട് കൂടിയ മിരിസ്റ്റിക്ക ചതുപ്പിൽ വെങ്കടവം, ഉണ്ടക്കപ്പൻ , കാട്ടുജാതി തുടങ്ങിയ മരങ്ങളും ഒട്ടേറെ ശുദ്ധജല മത്സ്യങ്ങൾ , നീർനായകൾ, നിരവധി വംശനാശഭീഷണി നേരിടുന്ന ഉഭയജീവികൾ , ഉരഗങ്ങൾ എന്നിവ കാണപ്പെടുന്നു. കാലാവസ്ഥാമാറ്റം മൂലം വരൾച്ച ഏറിക്കൊണ്ടിരിക്കുന്ന കേരളത്തിൽ തെയ്യോട്ടുകാവ് പോലുള്ള കാവുകളുടെ ആവശ്യകത ചെറുതല്ല . സുഖശീതളമായ സൂക്ഷ്മ കാലാവസ്ഥ നിലനിർത്തൽ, ജലസംരക്ഷണം, നിരവധി ഔഷധസസ്യങ്ങളുടെയും മരങ്ങളുടെയും ജീൻപൂൾ ആയി വർത്തിക്കൽ, ജൈവവൈവിധ്യസംരക്ഷണം, ജൈവകീടനിയന്ത്രണം, പരാഗകാരി-കളുടെ നിലനിൽപ്പ് ഉറപ്പുവരുത്തി പ്രദേശത്തെ വിളകളുടെ പരാഗണത്തിൽ പങ്കുവഹിക്കൽ, സസ്യലഭ്യതയിലൂടെ പാരമ്പര്യചികിത്സ നിലനിർത്തൽ, തുടങ്ങി ഒട്ടേറെ മഹത്തായ പാരിസ്ഥിതിക സേവനങ്ങൾ നൽകുക വഴി ഗ്രാമത്തിന്റെ പരിസ്ഥിതി സന്തുലനം നിലനിർത്തുന്നതിൽ കാവ് പ്രധാന പങ്കുവഹിക്കുന്നു . എങ്കിലും കാവിന്റെ പരിസരത്തെ റബ്ബർ തോട്ടങ്ങൾ ക്വാറികൾ , ക്രഷറുകൾ എന്നിവ കാവിനു ഭീഷണിയാകുന്നു . കാവിൽനിന്നും ഉത്ഭവിക്കുന്ന ചാലുകൾ ചേർന്ന് കവ്വായിപ്പുഴയായി മാറുന്നു. മുക്കിട്ടം കുണ്ടിന്റെ നീരൊഴുക്ക് കുറഞ്ഞിരിക്കുന്നു . വിലക്കുകൾ കൊണ്ട് മാത്രം ഒരു കാവിനെ എക്കാലത്തും സംരക്ഷിക്കാനാവില്ല . ശക്തമായ പാരിസ്ഥിതികാവബോധം വളർത്തുന്നതിലൂടെ മാത്രമേ കാവിന്റെ സുസ്ഥിരമായ നിലനിൽപ്പ് ഉറപ്പുവരുത്തുവാനാകൂ..

# THE FIRST SIGHT

One day an old man and an old woman were sitting with their 25 year old son in the train. The train was about to leave the station. As the train started, the young man‘s mind filled with joy and curiosity. He was sitting at the window side. He kept his hand out and felt the passing air. He shouted loudly “papa ,mama see all things are going behind’’. Parents gave a smile to him. Beside that family, two people were sitting and listening all the conversation between them. They were little confused about the behaviour of the young man like a small child. Suddenly, the young man shouted again,” papa, mama, see the river and animals, clouds are moving with the train”. And the strangers were watching the young man surprisingly.

After sometimes it started to rain. He again shouted with excitement. The people couldn’t control themselves. “Why don’t you consult your son by a good doctor?” They asked with excitement. They replied,“ yes ,we were coming from the hospital, my son got his sight today first time in his life.”

**Fathima Jusaina TP (9E)**

# WITH TIME AND LIFE

Sometimes time never goes
And sometimes time never stops
For a person so near to death
Time is a countdown to end
        Every soul depend on life
        And life depends on time
        For someone life is a journey
        And for someone life is a game
But both have a start to begin
And a stop to end
Everybody can live but
Everyone remember the one who
        Live it in the best way
        You have life and time
        And how you use it?
        It's your decision

**Diya S (9E)**

# കൊട്ടാരങ്ങളുടെ നഗരത്തിലേക്ക്

**ഗോകുൽ കെ (10B)**

പുതുവർഷപുലരിയെ നമ്മൾ കുളിരോടെ വരവേറ്റു. പോയ വർഷത്തിന്റെ സുന്ദരമായ നിമിഷങ്ങൾ സ്മരണകളായി ഉള്ളിൽ നിറഞ്ഞു. 2018 ലെ ഏറ്റവും സുന്ദരമായ നിമിഷം കൊട്ടാരങ്ങളുടെ നഗരമായ മൈസൂരിലേക്കുള്ള യാത്രയായിരുന്നു.

2018 ഡിസംബർ28 ന് ആയിരുന്നു യാത്രപുറപ്പെട്ടത്. ശ്രീകുമാരൻ മാസ്റ്റർ ആയിരുന്നു എല്ലാ കാര്യങ്ങളും നിയന്ത്രിച്ചത്. കണ്ണൻ ടൂർസ് ആന്റ് ട്രാവൽസിന്റെ രേവതി, നന്ദനം എന്നീ ബസുകളിലായി 90 പേരായിരുന്നു യാത്രയ്ക്കുണ്ടായിരുന്നത്. 8.30 ഓടെ നമ്മൾ യാത്ര തുടങ്ങി. യാത്രയുടെ ആവേശം എല്ലാവരിലുമുണ്ടായിരുന്നു. പലരും പാട്ടുകൾക്കൊപ്പം ചുവടുവച്ചു. 29 ന് അതിരാവിലെ നമ്മൾ ഹോട്ടലിൽ എത്തി അവിടെ നിന്ന് പുത്തനുണർവോടെ യാത്രയുടെ ആദ്യദിനത്തിന് ശുഭാരംഭം.

നേരെ വിശ്വപ്രസിദ്ധമായ മൈസൂർ മൃഗശാലയിലേക്ക്. കാടിന്റെ വശ്യതയും ജീവജാലങ്ങളുടെ നിഷ്കളങ്കതയും ആ മൃഗശാലയിലേക്ക് നമ്മെ ആകർഷിച്ചു. ചിറകു വിരിച്ച് വിശ്വസൗന്ദര്യത്തെ നമ്മുടെ മനസിലെത്തിച്ച പക്ഷികൾ മുതൽ ജിറാഫ് വരെ അവിടെ കാഴ്ചകളായി ഉണ്ടായിരുന്നു. കുരങ്ങുകൾ, കടുവകൾ, കരടി, ചിമ്പാൻസി, മാൻ, കാട്ടുപോത്ത്, പാമ്പുകൾ, ചെന്നായകൾ , കുറുനരി തുടങ്ങിയവയേയും അവിടെ കണ്ടു. പിന്നീട് നേരെ മൈസൂർ മ്യൂസിയമായിരുന്നു. ജീവികളുടെയും സസ്യങ്ങളുടെയും മറ്റു വിഷയങ്ങളിലുമുള്ള കാര്യങ്ങൾ അവിടെ പ്രദർശിപ്പിച്ചിട്ടുണ്ടായിരുന്നു. ഉച്ചഭക്ഷണത്തിനുശേഷം വിശ്വസൗന്ദര്യത്തിന്റെ പ്രൗഢിയും മോഡിയും കൊണ്ട് മൈസൂർ എന്ന കൊട്ടാരങ്ങളുടെ നഗരത്തിലെ ഏറ്റവും സുന്ദരമായ കാഴ്ചയായിമാറിയ മൈസൂർ പാലസ് ആയിരുന്നു. അംബാവിലാസ് എന്ന് പ്രാദേശികമായി അറിയപ്പെടുന്ന ഇത് വൊഡെയാർ രാജവംശത്തിന്റെ ഔദ്യോഗിക വസതിയായിരുന്നു.

അവിടെ വലിയ തിരക്കായിരുന്നു. വാളുകളും വിഗ്രഹങ്ങളും ചരിത്രനിമിഷങ്ങളുടെ ഛായാ ചിത്രങ്ങളും അവിടം മനോഹരമാക്കുന്നു. ചുമരുകളും തൂണുകളും പോലും രാജാവിന്റെ പ്രൗഢിയുടെ തിരുശേഷിപ്പുകളായിരുന്നു. മനസിന്റെ മാന്ത്രികതയിൽ ഇന്നും ഒളിപ്പിച്ചുവച്ച ഒരു സ്ഥലമാണ് മൈസൂർ പാലസ്. അവിചാരിതമായി അവിടെ നമുക്ക് ഒരു ഫ്ലവർ ഷോ കാണാൻ സാധിച്ചു. നിർമല പുഷ്പങ്ങളുടെ ശേഖരത്തിൽ പുഷ്പങ്ങൾകൊണ്ട് ധാരാളം ശില്പങ്ങൾ അലങ്കരിച്ചതും കാണാമായിരുന്നു. നിദ്രയുടെ ആലസ്യം സൃഷ്ടിച്ചിരുന്നെങ്കിലും ആ യാത്ര ബൃന്ദാവാൻ ഗാർഡനിലേക്ക് കൂടി ദീർഘിക്കപ്പെട്ടു. സംഗീതത്തിനനുസരിച്ച് നൃത്തം വയ്ക്കുന്ന ജലധാരകൾ സായന്തനത്തിന്റെ പ്രത്യേകത ആയിരുന്നു. ആ വർണ്ണ പ്രപഞ്ചം പ്രകാശ വിസ്മയങ്ങൾ തീർത്ത് ആകർഷകമാക്കിയിരുന്നു. ശേഷം ഹോട്ടലിലേക്ക് മടങ്ങി. സുന്ദരമായ ഒരു യാത്രാദിനത്തിൽ ലയിച്ച് നാളെയുടെ സുന്ദര നിമിഷങ്ങൾ കൊതിച്ചും എല്ലാവരും നിദ്രയിൽ അഭയം തേടി.

രണ്ടാം ദിനത്തിൽ ആദ്യം പോയത് സിനിമാ ചിത്രീകരണങ്ങൾ ഏറെ നടന്ന ത്രിവേണി സംഗമത്തിലേക്കായിരുന്നു. അവിടെ ഹേമാവതി, ഭവാനി, കാവേരി നദികൾ ചേർന്നൊഴുകുന്നത് നാം കണ്ടു. പിന്നീട് ഒരു കാലത്തെ രാജവാഴ്ചയുടെ ശേഷിപ്പുകൾ ഉറങ്ങുന്ന ശ്രീരംഗ പട്ടണത്തിലേക്കായിരുന്നു യാത്ര. ടിപ്പുവിന്റെ സ്മാരകത്തിലേക്ക് നമ്മൾ പോയി. ബ്രിട്ടീഷുകാരോട് ഒരുപാട് പൊരുതി തോറ്റ ഒരു രാജാവിന്റെ ശവകുടീരം. അവിടെ ഹൈദരലിയുടെയും ഭാര്യയുടെയും മറ്റ് പടനായകരുടെയും ഒക്കെ സ്മാരകങ്ങൾ കണ്ടു. പിന്നീട് ടിപ്പു വെടിയേറ്റുവീണ സ്ഥലവും കണ്ടു. കോട്ടയായിരുന്ന അടുത്തത് അവിടെ ചരിത്ര പൈതൃകങ്ങളോട് പുതുതലമുറ കാട്ടുന്ന വിമുഖത കാണാമായിരുന്നു. ആ കോട്ട കാടുകയറി നശിക്കുകയാണ്. അവിടെ വിസ്മയങ്ങളിൽ ഒന്നായിരുന്ന കോട്ടയ്ക്കുള്ളിലെ രംഗസ്വാമി ക്ഷേത്രം. പിന്നീട് പീരങ്കികളും മറ്റും കണ്ട് സെന്റ് ഫിലോമിനാസ് ചർച്ചിലേക്കു പോയി. തത്തകളുടെ ദൃശ്യവിസ്മയമായിരുന്ന ശുകവനമായിരുന്നു പിന്നീട് നാം കണ്ടത്. ഇന്ത്യൻ തത്ത ഒഴികെ മറ്റ് പലതരം തത്തകളെയും അവിടെ കണ്ടു. മറ്റു പക്ഷികളും അവിടെ നവ്യാനുഭവമായിരുന്ന

കാഴ്ചകളായിരുന്നു. പിന്നീട് ഹനുമാൻ ക്ഷേത്രം സന്ദർശിച്ച ശേഷം നേരെ ചാമുണ്ഡി ഹില്ലിലേക്ക് പോയി. കച്ചവട സ്ഥാപനങ്ങളുടെ നീണ്ട നിരയായിരുന്നു നമ്മളെ സ്വീകരിച്ചത്. മഹിഷാസുരന്റെ പ്രതിമയും ചാമുണ്ഡിയുടെ അമ്പലവുമായിരുന്നു അവിടെ ഉണ്ടായിരുന്നത്. ശേഷം സന്ധ്യാസമയത്തെ മൈസൂരിന്റെ ദൃശ്യം കാണാൻ പുറപ്പെട്ടു. മൈസൂർ പ്രദേശം മുഴുവൻ സുന്ദരമായ ലൈറ്റുകളാൽ അലങ്കരിച്ചത് കണ്ടു. നന്ദി പ്രതിമ ആയിരുന്നു അടുത്ത പ്രവേശനസ്ഥലം. അവിടെ നിന്ന് ഗ്രൂപ്പ് ഫോട്ടോ എടുത്ത ശേഷം നേരെ ഹോട്ടലിലേക്ക് മടങ്ങി. രാത്രി ഭക്ഷണത്തിനു ശേഷം നല്ലൊരു നാളെയുടെ പ്രതീക്ഷയിൽ തലചായ്ച്ചു.

അടുത്ത ദിവസം ചരിത്ര സ്മാരകങ്ങളും അമ്പലവുമായിരുന്നു കണ്ടത്. എങ്കിലും കൊത്തു പണികളും മറ്റ് വൈഭവങ്ങളും സ്പഷ്ടമായി അവിടെ കാണാമായിരുന്നു. ഒരു പക്ഷെ സാങ്കേതികവിദ്യ എന്ന പദം പോലും കണ്ടു പിടിക്കാതിരുന്ന കാലത്ത് അത്രയും സൂക്ഷ്മതയോടെ സുന്ദരമായി ചെയ്യാൻ കഴിഞ്ഞ് പോയ തലമുറയുടെ കലാ ബോധത്തിൽ നമുക്ക് അഭിമാനം തോന്നി. രാവിലെ തന്നെ പുറപ്പെട്ട് നമ്മൾ ശ്രാവണ ബൽഗോളയിലെത്തി. അനന്തമായ പടിക്കെട്ടുകൾ നമുക്ക് മുൻപിൽ ഒരിക്കലും പ്രതിബന്ധങ്ങളായില്ല. ആ പടികൾ കയറി നമ്മൾ ജൈനമതത്തിലെ തീർഥങ്കരന്മാരുടെ വിഗ്രഹങ്ങൾ കണ്ടു.

അവിടെ എല്ലാവരും ശ്രദ്ധിച്ച ഒരു പ്രതിമ ആയിരുന്നു ബാഹുബലിയുടെ പിതാവിന്റേത്. ആ ഗിരി തിരിച്ച് നമ്മൾ ഇറങ്ങി. തുടർന്ന് ഹളേബേഡുവിലേക്ക് പോയി. പടയോട്ടങ്ങളുടെ ഭാഗമായി ശിൽപങ്ങളുടെ പല ഭാഗങ്ങളും നശിപ്പിക്കപ്പെട്ടിരുന്നുവെങ്കിലും ആ സ്മാരകം ഒരിക്കലും മോശമായി തോന്നിയില്ല. വർഷങ്ങളുടെ ലാളനകൾ കൊണ്ട് ആ സ്മാരകം എത്ര വിശിഷ്ടമാണെന്ന് നാം മനസ്സിലാക്കി. പിന്നീട് ബേളൂരിലേക്ക് നാം യാത്രയായി. അവിടെ ഹളേബേഡുവിനെക്കാൾ മികച്ചതായി നമുക്ക് അനുഭവപ്പെട്ടു. മഹാഭാരതവും രാമായണവും അവിടെ കൊത്തി വച്ചിട്ടുണ്ടെന്ന് നാം അറിഞ്ഞു. അവിടത്തെ ശില്പങ്ങളും കൊത്തുപണികളും കണ്ട ശേഷം തിരിച്ച് യാത്ര തുടങ്ങി. സുന്ദരസുരഭില നിമിഷങ്ങൾ ഇനി സ്മരണകൾ മാത്രമാണ് എന്ന് നമ്മൾ മനസ്സിലാക്കി. പുതുവർഷത്തെ വരവേൽക്കാൻ

എല്ലാവരും ഒരുങ്ങിയിരുന്നു. രാത്രി 12 മണിക്ക് നാം സുബ്രഹ്മണ്യ ക്ഷേത്ര പരിസരത്ത് ബസ് നിർത്തി കേക്ക് മുറിച്ചു. വിവാദമായ ആചാരങ്ങളായ 'എഡെ സ്നാന' , 'മഡെ സ്നാന' എന്നിവയിലൂടെ പ്രസിദ്ധിയാർജിച്ച സുബ്രഹ്മണ്യ ക്ഷേത്രം യാത്രയുടെ അന്ത്യ നിമിഷത്താൽ കണ്ട ശേഷം നമ്മൾ നാട്ടിലേക്കുള്ള യാത്ര തുടർന്നു.

പുലർച്ചെ 6 മണിയോടെ മാത്തിൽ എത്തി. അവിസ്മരണീയമായ ഒരു അധ്യയനയാത്ര അവസാനിച്ചപ്പോൾ കേവലം സന്തോഷത്തോടൊപ്പം അറിവും പകർന്ന് കിട്ടിയപ്പോൾ മൈസൂർ യാത്ര പൂർണ്ണമായി.

# दिल की धडकन

काश तुम मेरी जिंदगी में
आया ही न होते
तो शायद आज ये अकेलापन
तुझे महसूस ही न होता
मैं अकेली थी और अकेलापन
मेरी आदत बन चुकी थी
जिंदगी से कोई उम्मीद भी न थी
पर जब तुमने अपने ज़िंदगी
मुझसे लाघव से हो गया
जीने लगी थी मैं
जिंदगी से उम्मीदें रखने लगी थी मैं
जो बारिश की बूंदे मुझे
कानो की तरह थी
जिसकी आवाज मुझ में
बेचैनी सी पैदा करती थी
वो बारिश की बूंदे अब
फूलों की तरह बरसने लगी थी
उसकी आवाज में मैं सात सुरों
को महसूस लगी थी
काश तुम मेरी जिंदगी में  ही न होते
तो इस अकेलापन से कोई शिकायत ही न होती

लास्या (10C)

# സ്പന്ദനം - ഓക്സിജന്റെ ആത്മകഥ

നന്ദന കെ എം (8A)

പ്രിയ കൂട്ടുകാരേ ഞാൻ എന്നെക്കുറിച്ച് ചിലകാര്യങ്ങൾ നിങ്ങളോട് പറയാൻ ആഗ്രഹിക്കുകയാണ്. ഞാൻ ആരാണെന്ന് പറഞ്ഞില്ല അല്ലേ? സാരമില്ല. എന്റെ കഥ ഞാൻ പറയാൻ തുടങ്ങിയാൽ ഞാൻ ആരെന്ന് നിങ്ങൾക്ക് തീർച്ചയായും മനസ്സിലാക്കാൻ കഴിയും. പ്രകൃതിയിൽ കാണപ്പെടുന്ന ഒരു മൂലകമാണ് ഞാൻ. നിങ്ങൾക്കൊരുപക്ഷേ , വെള്ളവും ആഹാരവും ഇല്ലാതെ ഏതാനും ദിവസങ്ങൾ ജീവിക്കാൻ കഴിഞ്ഞേക്കും. എന്നാൽ ഈ ഞാനില്ലാതെ നിങ്ങൾക്ക് ഒരുനിമിഷം പോലും ജീവിക്കാൻ കഴിയില്ല. ഇപ്പോൾ മനസ്സിലായില്ലേ ഞാനാരാണെന്ന്? അതെ. അതുതന്നെ ഓക്സിജൻ എന്ന് നിങ്ങൾ സ്നേഹത്തോടെ വിളിക്കുന്ന അതേ ഓക്സിജൻ. നിങ്ങളുടെ പ്രാണവായു, ജീവവായു !

പണ്ട് പണ്ട് വളരെപണ്ട് ഭൂമിയുടെ ആവിർഭാവ കാലഘട്ടത്തെ കുറിച്ച് നിങ്ങൾ ഭൂമിശാസ്ത്രത്തിൽ പഠിച്ചിട്ടുണ്ടാവുമല്ലോ. അന്ന് ഞാൻ സ്വതന്ത്ര രൂപത്തിൽ കാണപ്പെട്ടിരുന്നില്ല. കാർബണിന്റെയും ഹൈഡ്രജന്റെയും ഓക്സൈഡുകളായാണ് ഞാൻ അന്ന് ഭൂമിയിൽ കാണപ്പെട്ടിരുന്നത്. അതായത് സംയുക്തമായിട്ട്. ഭൂമിയുടെ അന്തരീക്ഷത്തിൽ നീരാവിയുടെ അളവ് വർദ്ധിക്കുകയും അത് ഘനീഭവിച്ച് മഴയായി ഭൗമോപരിതലത്തിൽ പതിക്കുകയും ചെയ്തു. കോടിക്കണക്കിന് വർഷങ്ങൾ നീണ്ടുനിന്ന ഈ പ്രക്രിയയുടെ ഫലമായി ഭൗമോപരിതലം തണുക്കുകയും ഭൂമിയിൽ സമുദ്രങ്ങൾ രൂപപ്പെടുകയും ചെയ്തു. ജലാശയങ്ങളിൽ നടന്ന രാസ പരിണാമ പ്രക്രിയയുടെ ഫലമായി ആദ്യത്തെ ജീവ കണിക രൂപപ്പെട്ടു. പിന്നീട് കോടിക്കണക്കിന് വർഷങ്ങൾ നീണ്ടുനിന്ന പരിണാമപ്രക്രിയയുടെ ഫലമായി ഏകകോശ ജീവികളും തുടർന്ന് ബഹുകോശ ജീവികളും രൂപപ്പെട്ടു. അവയൊക്കെത്തന്നെ അവയവ ജീവികളായിരുന്നു എന്ന് ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ. കാരണം ഞാനന്ന് സ്വതന്ത്ര രൂപത്തിൽ

ഉണ്ടായിരുന്നില്ല. പിന്നീട് ചില ആൽഗകളെ പോലുള്ള ബഹുകോശ ജീവികൾക്ക് പ്രകാശസംശ്ലേഷണത്തിനുള്ള കഴിവ് ലഭിക്കുകയും ഭൂമിയിൽ ഞാൻ സ്വതന്ത്രരൂപത്തിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു. അതിനുശേഷം പലതരത്തിലുള്ള ജീവജാതികൾ രൂപപ്പെടുകയും അവയെല്ലാം ശ്വസനത്തിന് വേണ്ടി എന്നെ പ്രയോജനപ്പെടുത്തുകയും ചെയ്തു എന്നുപറയുന്നതിൽ ഞാൻ അഭിമാനംകൊള്ളുന്നു. ആ പ്രക്രിയ ഇപ്പോഴും തുടരുന്നു എന്നതിൽ സന്തോഷിക്കുകയും ഒപ്പം എന്നെ മലിനമാക്കുന്ന ചില പ്രവർത്തനങ്ങൾ മനുഷ്യർ ചെയ്യുന്നു എന്നതിൽ മനോവിഷമവും എനിക്കുണ്ട്.

ഞാൻ സ്വതന്ത്ര രൂപത്തിൽ രൂപപ്പെട്ടത് എങ്ങനെയെന്ന് പറഞ്ഞല്ലോ. ഇനി ഞാൻ എന്റെ പേരിന്റെ ആവിർഭാവത്തെക്കുറിച്ച് നിങ്ങളോട് പറയാം. അമ്ലം അല്ലെങ്കിൽ മൂർച്ചയേറിയ എന്ന അർത്ഥമുള്ള ഓക്സിസ് എന്നും ജനകം എന്നർത്ഥമുള്ള ജെനിസ് എന്നുമുള്ള 2 ഗ്രീക്ക് പദങ്ങളിൽ നിന്നാണ് ഓക്സിജൻ എന്ന പേര് എനിക്ക് ലഭിച്ചത്. പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ ഫ്രഞ്ച് ശാസ്ത്രജ്ഞനായിരുന്ന ആൻറൺ വാറന്റ് ലാവോസിയ ആണ് അമ്ലജനകം എന്ന അർഥത്തിൽ എനിക്കീ പേരുനൽകിയത്. പിന്നീട് 1774- ൽ ജോസഫ് സ്വതന്ത്രമായി എന്നെ കണ്ടെത്തി. രണ്ട് ആറ്റങ്ങൾ ചേർന്നതാണ് ഞാൻ. ജന്തു ജീവിതത്തിന് അത്യന്താപേക്ഷിതമായതിനാൽ ഞാൻ നിങ്ങളുടെ ജീവവായു എന്നും അറിയപ്പെട്ടു. അന്തരീക്ഷവായുവിൽ കൂടുതലുള്ള രണ്ടാമത്തെ മൂലകമാണ് ഞാൻ എന്നും നിങ്ങൾക്കറിയാമല്ലോ.

ഇനി ഞാൻ എങ്ങനെയാണ് നിങ്ങളുടെ ജീവവായുവായി അറിയപ്പെടുന്നത് എന്ന് പറഞ്ഞുതരാം. നിങ്ങൾക്ക് പ്രവൃത്തി ചെയ്യണമെങ്കിൽ ഊർജ്ജം ആവശ്യമാണല്ലോ. എവിടെ നിന്നാണ് ഈ ഊർജ്ജം ലഭിക്കുന്നത്. നിങ്ങൾ കഴിക്കുന്ന ആഹാരത്തിൽ നിന്നും അല്ലേ? ഇനി ആഹാരത്തിലെ ഊർജ്ജം സ്വതന്ത്രമാക്കപ്പെടുന്നതെങ്ങനെയെന്ന് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഇല്ലായിരിക്കും അല്ലേ. വേണ്ട, ഞാൻ തന്നെ പറയാം. നിങ്ങൾ കഴിച്ച ആഹാരം ദഹനപ്രക്രിയയുടെ ഫലമായി അതി ലഘുഘടകങ്ങളായി മാറും. ഇതിൽ

ശരീര നിർമ്മാണ ഘടകങ്ങളും ഊർജദായക ഘടകങ്ങളുമുണ്ട്. ഈ ഊർജദായക ഘടകങ്ങളിൽ നിന്ന് ഊർജ്ജം സ്വതന്ത്രമാക്കപ്പെ-ടണമെങ്കിൽ ഞാൻ വേണം. മനസിലായില്ല അല്ലേ? മനസ്സിലാക്കി തരാം. സൂര്യനിൽ നിന്നുള്ള ഊർജ്ജമാണ് സസ്യങ്ങൾ പ്രകാശ സംശ്ലേഷണ പ്രക്രിയയുടെ ഫലമായി രാസോർജ്ജമായി ആഹാരത്തിൽ സംഭവിച്ചുവയ്ക്കുന്നത്. ഈ ഊർജ്ജം സ്വതന്ത്രമാക്കപ്പെ-ടണമെങ്കിൽ ഞാൻ വേണം. അതായത് ആഹാരത്തിന്റെ ഓക്സീകരണ ഫലമായാണ് അതിൽനിന്നും ഊർജ്ജം സ്വതന്ത്രമാക്കപ്പെടുന്നത്. ജ്വലനത്തിന് അത്യാവശ്യമായ ഒരു മൂലകമാണ് ഞാൻ. നിങ്ങളിൽ നിന്നും തിരിച്ച് യാതൊരു പ്രതിഫലവും ഞാൻ ആഗ്രഹിക്കുന്നില്ല. നിസ്വാർത്ഥനായി നിങ്ങളെ സേവിക്കാൻ ഞാൻ തത്പരനുമാണ്. പക്ഷേ നിങ്ങളോ? നിങ്ങൾ മനുഷ്യർ ചെയ്യുന്ന ഓരോരോ പ്രവൃത്തികൾ മൂലം ഞാൻ അനുദിനം മലിനമാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്റെ അളവ് സ്ഥിരമായി നിലനിർത്തുന്നതിൽ സ്തുത്യർഹമായ സേവനം നടത്തുന്ന ഹരിതസസ്യങ്ങളെ ഞാൻ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. പക്ഷേ നിങ്ങൾ മനുഷ്യർ വനനശീകരണത്തിലൂടെയും വ്യാവസായിക മലിനീകരണത്തിലൂടെയും എന്നെ സദാ മലീമസമാക്കുകയല്ലേ? ഈസ്ഥിതി തുടർന്നാൽ എന്നെ ആശ്രയിക്കുന്ന മനുഷ്യർ അടക്കമുള്ള സർവ്വജീവജാലങ്ങളും നശിച്ചു പോകില്ലേ എന്നോർക്കുമ്പോൾതന്നെ എനിക്ക് മനസ്താപം തോന്നുന്നു. അതുകൊണ്ട് പ്രിയ കൂട്ടുകാരേ, നിങ്ങളിലാണ് എന്റെ പ്രതീക്ഷ. വനവത്കരണത്തിലൂടെയും മലിനീ-കരണം കുറയ്ക്കുവാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നതിലൂടെയും എന്നെ രക്ഷിക്കാൻ നിങ്ങളുടെ കുഞ്ഞു കരങ്ങൾക്ക് കഴിയും എന്ന വിശ്വാസത്തോടെ.......................

# BE A READER, MAKE OTHERS READERS

"Books are the best companions of life. They provide us with conversation,comfort and wisdom."Yet in our modern age,Considered to be the age of information,the reading habit is rapidly on the decline among the children. This is because children have many more diversion and new things to interest them as compared to what was available to earlier generations.

Sharing a book with a small child is a wonderful way for a parent to bond with him or her. For a child,listening quietly to a story as a parent reads it,is an enjoyable and comforting experience, and children usually carry memories of the warmth that this experience evokes right into their adulthood.

Once a child learns to read by himself,he will be eager to explore the magic world of books,to learn more about all the wonderful characters he is already familiar with. Magazines help children to unleash their innate potential , it not only entertain and educate children but also bring out their creativity,for magazines are interactive mediums,and children can write to the magazines and contribute their own work to them as well.

**Varsha K (9E)**

# അമ്മേ.... ഭൂമി.....





എന്തിനായ് നീ ജീവിക്കുന്നിനി ?
എന്തിനിങ്ങനെ ജീവിക്കുന്നു നീ ?
ക്രൂരരാം മനുഷ്യർ തൻ അമ്മയായ്
നിന്റെ മക്കൾ നിന്നെ മറന്നുപോയ്
മണ്ണും വിണ്ണും മരവും പൂവും മറന്നുപോയ്
നിൻ തലയവർ മുണ്ഡനം ചെയ്തില്ലേ ?
നിൻ മാറിലെ ചോരയൂറ്റിക്കുടിച്ചില്ലേ ?
നിൻ കണ്ണുനീർ പോലും അവൻ കാശാക്കിയില്ലേ ?
മതിയായി ഈ ലോകം മതിയായി
ആറില്ല പുഴയില്ല പുൽത്തകിടിയില്ല
കാടില്ല മേടില്ല കാട്ടാറുമില്ല
എവിടെയുണ്ട് ഇത്തിരി ഇടം കുളിരായ്
ഹൃദയം തുറന്നൊന്നു ശ്വസിക്കാൻ
മണ്ണിൻ മണമൊന്നു മനസ്സിലേക്കാവാഹിക്കാൻ
പൂർവികർ തൻ കാലത്തെ
മാവില്ല മാമ്പഴമില്ല കൂട്ടുകുടുംബങ്ങളില്ല
ഇന്നു മതിലാണ്
മനസ്സുകൾക്കുള്ളിൽ..............


ദേവപ്രിയ വിനോദ് (8E)

# Pencil drawing -Dheeraj C(9B)






# Pencil drawing - Sabir Shoukath (9E)







# ക്രൂടെ




കൂടെയുണ്ടാകില്ല എപ്പോഴും നിൻകൂടെയായ്
പോകും ഞാനും കാലയവനികയിൽ
കൂടെയുണ്ടാകണമെന്നൊന്നാശിച്ചിതേ
ആശയായ് മാത്രം ചുരുങ്ങുന്നിതപ്പോൾ
ഇന്നലെയോളം നാം പങ്കിട്ട മാത്രകൾ
പ്രത്യക്ഷം കൺമുന്നിലൊരോർമ്മയായ്
എങ്കിലും പ്രാണസഖേ നീ തേങ്ങരുത്
നിൻ ഹൃദയത്തുടിപ്പ് കുറയ്ക്കരുത്
ഞാനൊരു തന്ത നീയും അതെ
എങ്കിലും നാം ചേർന്നൊരു നിമിഷങ്ങൾ
പുതുലോകമായി പിറന്നതുമെന്തേ ?
പിറന്നതുമെങ്ങോ തുടർന്നതുമെങ്ങോ
തമ്മിൽ കണ്ണാലെ കണ്ടതുമെന്നോ
പ്രിയേ ക്ഷമിക്ക നീ, നിൻ സിന്ദൂരത്തിലകമെൻ
നെഞ്ചിലെ ചൂടേറ്റ് മയങ്ങുവതിനിയെങ്ങനെ ?
കാലം മറയുമ്പോൾ കാലൻ പറയുന്ന-
ആളും മറയുമ്പോൾ ഞാനോ നിനച്ചില്ല
നാളെ ഈ കാലൻ എൻ നേരെ വരുമെന്ന്
നാളെ ആ കയറിന്റെ അറ്റം ആരെ കാത്ത് ?

**വിഷ്ണു കെ വി** (9E)

# തേനീച്ചയും ഉറുമ്പച്ചനും

അശ്വതി കെ ആർ (8C)

തേനീച്ചക്കൂട്ടം തേൻ കുടിക്കാൻ ഒരു കാട്ടുപൂവിൽ പറന്നിറങ്ങി. അപ്പോൾ പൂവിലിരുന്ന കിച്ചനുറുമ്പ് പറഞ്ഞു



Well, looks like your life is just like mine: Work, work, work...

"തൊട്ടു പോകരുതേ... എന്റെ പൂവാ...."
"ഉറുമ്പച്ചാ... പൂക്കൾ തേനീച്ചകൾക്കുള്ളതല്ലേ....നീ പോയി വല്ല അരിയോ പഞ്ചസാരയോ കിട്ടുമോ എന്നു നോക്ക്." തേനീച്ച പറഞ്ഞു. അവർ തമ്മിൽ തർക്കമായി.

അപ്പോൾ വനദേവത അവിടെ വന്നു. വനദേവത പറഞ്ഞു. "ഉറുമ്പേ, നീ വന്നത് തേൻ കുടിച്ച് നിന്റെ വയറുനിറയ്ക്കാനാണ്. എന്നാൽ തേനീച്ച വന്നതോ , മറ്റുള്ളവർക്കും കൂട്ടിലെ കുഞ്ഞുങ്ങൾക്കും വേണ്ടി തേൻ ശേഖരിക്കാനാണ്. മറ്റുള്ളവരെ സഹായിക്കുന്നവരെ എല്ലാവരും ഇഷ്ടപ്പെടും.

"മാറിനിൽക്കൂ.." വനദേവത പറഞ്ഞപ്പോൾ ഉറുമ്പ് മാറിനിന്നു. തേനീച്ച പൂവിൽ നിന്നു തേനെടുത്തു. എന്നാൽ ഉറുമ്പിനുള്ളത് അവൾ ബാക്കിവച്ചു. തേനീച്ച പോയപ്പോൾ ഉറുമ്പച്ചൻ അതുകുടിച്ച് വയറുനിറച്ച് കൂട്ടിലേക്ക് പോവുകയും ചെയ്തു.

# പ്രകൃതി



സുന്ദരസുരഭിലമായൊരു കാട്
നയനമനോഹരമാണീ കാട്
പച്ചില കാട്ടുകൾ നിറഞ്ഞൊരു കാട്
ചോലകൾ, കുളങ്ങൾ ഉള്ളൊരു കാട്

സിംഹം, ആന തുടങ്ങിയ മൃഗങ്ങൾ
മയിലുകൾ, കുയിലുകൾ തുടങ്ങിയ പക്ഷികൾ
ഇണങ്ങി വസിക്കും സുന്ദര വീട്
കാനന സൗന്ദര്യം കണ്ടു നുകരാൻ
കാടിൻ നന്മ മനസ്സിലാക്കാൻ
നമ്മളിൽ നന്മ നിറയട്ടെ

**ശിവദർശന കെ വി (8C)**

# ROLE OF STUDENTS TO PROTECT ENVIRONMENT

**VARSHA K (9E)**

Students,the most powerful stratum of the society,knows the importance of the environment and the sustainability of nature. Nature had endowed us with all the resources to which maximum beneficiary in human beings. Nature had full proof system of protection of all the creatures and environment subject to check on excessive pollution and resources utilization. Students understand the need for protecting environment and they are prepared to fight against the contamination of atmosphere as today's student is tomorrows citizen. They show the consciousness and use the various energy sources by going on foot or bicycle to schools and other places. They may develop the habits of reading and writing in day light. They should help the government and non government organization in preventing pollution from the society by actively participating in programmes and by giving the information of those who pollute the environment. Students in all disciplines of education may contribute some from the knowledge in the area of their expertise. They can bring creative contribution to control pollution and protect environment. Thus students can play a pivotal role in changing the scenario of protecting environment.

# പൂവ്

പൂവേ പൂവേ കൊഴിയല്ലേ
തെന്നല് വന്നു വിളിച്ചാൽ പോവല്ലേ
പുലരി പുതുമഴയിൽ ഇതളു പൊഴിക്കല്ലേ
ഒരിതളും നീ പൊഴിക്കല്ലേ
പൂവേ പൂവേ കൊഴിയല്ലേ
പൂന്തെന്നല് വന്നു വിളിച്ചാൽ പോവല്ലേ
പുതുമണ്ണിനു ചൂടാനൊരു പൂവിതളും നൽകല്ലേ
ഈറൻ മുടിയിൽ ചൂടാനൊരു പൂവിതളും നൽകല്ലേ
പൂവേ പൂവേ കൊഴിയല്ലേ
പൂന്തെന്നല് വന്നു വിളിച്ചാൽ പോവല്ലേ
വെള്ളിനിലാവിലലിഞ്ഞി പുഞ്ചിരി മായ്ക്കല്ലേ
പൂവണ്ടിൻ പ്രണയം പൊള്ളാണേ.........
നിന്നോടുള്ള പൂവണ്ടിൻ പ്രണയം പൊള്ളാണേ
അത് പൂന്തേനുണ്ണാറണയുവതാണേ
നിന്നെ കാണാനെന്നും കൊതിയാണേ
എനിക്ക് നിന്നെ കാണാനെന്നും കൊതിയാണേ
പൂവേ പൂവേ കൊഴിയല്ലേ
പൂന്തെന്നല് വന്നു വിളിച്ചാൽ പോവല്ലേ

**സാന്ദ്ര കെ (8C)**

# THE OLD WITCH

**Keerthana P (9E)**

There was once a little girl who was very obstinate and disobedient. How could such a girl be happy? One day she said to her parents," I have heard so much of the old witch and I will go and see her. People say that she is a wonderful woman and has many marvellous things in her house and I am very curious to see them"

Her parents however forbade her saying that "the witch is a wicked old woman who performs many evil deeds and if you go near her you will no longer be our child"

The girl however would not turn back at her parents command, but went to the witch's house. When she arrived there the woman asked her "why are you looking so pale?"

"Ah!" she replied trembling all over," I am so frightened with that I have just seen."

"And what did you see?" Enquired the old witch.

"I saw a black-man at your steps."

"That was a coiler," she replied.

"Then I saw a grey man." "that was a sportsman" said the old woman. "After him I saw a blood-red man."

"That was a butcher", replied the woman.

"But Oh, I was most terrified," continued the girl," when I peeped through your window, and saw a creature with fiery head."

"Then you have seen the witch in her proper dress," said the old woman; for you I have long waited and now you shall give me light". Saying that she changed the girl into a block of firewood and then threw it into the fire. When the fire was lighten she sat down on the earth and warmed herself and said, "And now for once it burns brightly!"

# FRIENDSHIP

Friendship is a rainbow between two persons
It connects the two beautiful hearts
It is the bud of love
Which made a heart feel lighter
Friendship is a wonderful talent
That comes from heart
And bringing hell to heaven  to heaven
And colour to my life
Being a friend is an art
But without friendship
Heaven would be so dark
And earth a veritable hell

**Akshara PK (9E)**

# സ്വപ്നം

ഞാൻ ഉറങ്ങാൻതുടങ്ങിയപ്പോഴിതാ
ഉണർത്തുന്ന എന്നെ വിസ്മയസ്വപ്നങ്ങൾ
സുന്ദരമാം വാനിലുയരും സ്വപ്നം
സ്വതന്ത്രമായി ഒഴുകും സ്വപ്നങ്ങൾ
ചിന്തയിൽ നിന്നുണരും സ്വപ്നം
എന്റെ വാക്കുകളാണ് സ്വപ്നം
മിന്നിതിളങ്ങുന്ന ആകാശമുണ്ടേ
കാണൂ നിങ്ങൾ സ്വപ്നം
കിടക്കമേത്തയിൽ കിടന്നാലും-
ചെളിയിൽ കിടന്നാലും -
തഴുകും മെല്ലെ സ്വപ്നം
കാണുവിൻ സ്വപ്നം നാളെ തൻ-
വരദാനമാകു
ഉണരൂ....ഉണരൂ...സ്വപ്നങ്ങൾ

ഐശ്വര്യ കെ (8B)

# Water colour- Nanma MM(9A)





# പ്രകൃതിയാം അമ്മ

പ്രകൃതിയാമമ്മതൻ കൈകളിലിന്നുനാം
സുഖമോടെ വാഴുന്നുവോ ?
പ്രകൃതി സൗന്ദര്യമാം പുഴകളും
തോടും നാമിന്നു കാണുന്നുവോ ?
പുലരിതൻ പൊൻവെയിൽ
എൻ പിഞ്ചുകൈകളിൽ ആനന്ദമേകുന്നുവോ?
നിൻ ഇളം കാറ്റുകൾ സ്വാന്ദനമേകുന്നു.
എൻ കൈകളിൽ നിൻ മഴത്തുള്ളി  വീഴുന്നു.
കിളികളും കലപിലകൂട്ടിപ്പറക്കും
കാട്ടാറുകളും നോക്കിട്ടിരിക്കും
വണ്ടുകൾ പൂവിനെ തേടിനടന്നു
സന്ധ്യപോയ് മെല്ലെ ഇരുട്ടായ് മാറി
മുല്ല വിരിഞ്ഞു മലരിൻ മണവുമായി.
സൂര്യാസ്തമയം എന്നും കാണുവാനായി
തീരങ്ങളിൽ ഞാൻ വന്നതല്ലേ
സൂര്യനുദിച്ച് വരുന്നൊരാദൃശ്യമെൻ
മനസാകെ എങ്ങും നിറഞ്ഞിരുന്നു
അമ്മയെ കാണുവാൻ എന്തു ഭംഗി
അതിലുള്ളൊരു ചെറുതട്ടും ചെടികളും
പുഷ്പിച്ച് നില്ക്കുന്ന തേൻ വരിക്ക വൃക്ഷവും
എന്തൊരു ഭംഗിയാണമ്മേ
എന്നും എന്തൊരു ഭംഗിയാണു പ്രകൃതി

**ശശികല** (10B)

# ബാല്യകാലം

**ശില്പ പി** (9C)

സിൻ 1 (സമീപദൃശ്യം)

വീടിന്റെ മുൻവശം. ചുറ്റും പൂത്തുലഞ്ഞ പൂക്കളാൽ സുന്ദരമായ കൊച്ചുവീട്. വീടിന്റെ മുൻവശത്ത് ഒരു കാർ വന്ന് നിർത്തുന്നു. ഒരു സ്ത്രീ വന്നിറങ്ങുന്നു. അവരുടെ മുഖം ഒരു ചെറുപുഞ്ചിരിയോടെ വിടർന്നു. വീടിന്റെ മുൻശത്തേക്ക് നീങ്ങുന്നു. മുൻവശത്തെ കോളിങ്ങ്ബെൽ അമർത്തുന്നു. ഒരു പ്രതീക്ഷയോടെ സ്ത്രീ പുഞ്ചിരിക്കുന്നു.

സീൻ 2 (മധ്യദൃശ്യം)

വീടിന്റെ അകത്ത് വീട്ടമ്മ മകളേയും ഭർത്താനവിനെയും ഓഫീസിലേക്കും പറഞ്ഞയച്ചതിനു ശേഷം വീട്ടുജോലികളിൽ ശ്രദ്ധിക്കുന്നു. പെട്ടെന്ന് കോളിങ്ങ് ബെൽ സൗണ്ട് കേട്ട് വാതിലിലേക്ക് നോക്കുന്നു. ഈ സമയത്ത് ആരാ എന്ന ഭാവത്തിൽ പരിഭ്രമിക്കുന്നു. വാതിൽ തുറക്കുന്നു. വീട്ടമ്മയുടെ മുഖത്ത് ഒരു പരിഭ്രാന്തി. സ്ത്രീയുടെ മുഖത്ത് ആരെയോ കണ്ട ആഹ്ളാദം.

സീൻ 3 (സമീപദൃശ്യം )

വീടിന്റെ ഹാൾ
വീട്ടമ്മ പറയുന്നു : ഇരിക്കൂ.
സ്ത്രീ സന്തോഷത്തോടെ ഇരിന്നതിനു ശേഷം വീട്ടമ്മയെ നോക്കുന്നു.
സ്ത്രീ പ്രതീക്ഷയോടെ : നിനക്ക് എന്നെ മനസ്സിലായോ
എന്ന് ചോദിക്കുന്നു.
വീട്ടമ്മ മറുപടിയായി : എവിടെയോ കണ്ടിട്ടുണ്ട് എന്ന് പറയുന്നു.
വീട്ടമ്മയുടെ മുഖത്ത് സംശയം പരക്കുന്നു.

(വീട്ടമ്മ തന്റെ ബാല്യകാല ഓർമ്മകളിലേക്ക് തിരിയുന്നു.)

സീൻ 4 (സമീപദൃശ്യം)

ഒരു സ്കൂൾമുറ്റം. മുറ്റം നിറയെ ഉല്ലസിക്കുന്ന കുട്ടികൾ. കുറെ കുട്ടികൾ കളിക്കുന്നു. കുട്ടികളുടെ ആഹ്ളാദപ്രകടനങ്ങൾ ആ സ്കൂൾ മുഴുവൻ പ്രതിഫലിക്കുന്നു. കുട്ടികളുടെ ഇണക്കങ്ങളും പിണക്കങ്ങളും കളിയും ചിരിയും ആ സ്കൂൾമുറ്റത്തെ മനോഹരമാക്കുന്നു.

സീൻ-5 (സമീപദൃശ്യം)

ഒരു മരത്തണലിൽ സ്കൂൾ യൂണിഫോമിൽ രണ്ട് പെൺകുട്ടികൾ വളരെ സ്നേഹത്തോടെ, ആഹ്ളാദത്തോടെ പരസ്പരം സംസാരിക്കുന്നു. ആ സംസാരം നീളുന്നു.

സീൻ-6 (മധ്യദൃശ്യം )

വൈകുന്നേരം നാല് മണിക്ക് സ്കൂൾ വിടുന്നു. കുട്ടികൾ കലപിലകൂട്ടി തിക്കിത്തിരക്കി വേഗത്തിൽ ഓടുന്നു. ചിലർ വണ്ടിയിലും ചിലർ നടന്നിട്ടും പോകാനുള്ള തന്ത്രപ്പാടിനിടയിൽ.

സീൻ-7 (സമീപദൃശ്യം )

സ്കൂളിലെ 10 A ക്ലാസ് മുറി. ക്ലാസിൽ ആ രണ്ട് പെൺകുട്ടികൾ പരസ്പരം വായ് തോരാതെ സംസാരിക്കുന്നു. മറ്റുള്ളവരെല്ലാം പോയിട്ടും ശീതളും കാവ്യയും അവിടെ തന്നെയായിരുന്നു.

സീൻ-8 (സമീപദൃശ്യം)

ശീതൾ പറഞ്ഞു :നമുക്ക് പോകാം. അവർ ബാഗെടുത്ത് പുറപ്പെടുന്നു.

ക്ലാസിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഫാനും ലൈറ്റും ഓഫാക്കുന്നു. അവർ ക്ലാസിൻ പുറത്തു കടക്കുന്നു.

സീൻ-9 (സമീപദൃശ്യം)

ആ ഗ്രാമത്തിലെ ഒരു പാലം. രണ്ടു പേരും കൈയും പിടിച്ച് പാലത്തിനരികിലെത്തുന്നു. രണ്ടുപേർക്കും പാലം കടന്ന് വേണം വീട്ടിലെത്താൻ. അതിലൊരാൾ പാലം കടന്നു പോയി. ശീതൾ പകുതിയായപ്പോൾ കാല് തെന്നിപ്പോയി. രണ്ടാമത്തേയാൾ പുഴയിലേക്ക് വീഴുന്നു.

സീൻ-10 (സമീപദൃശ്യം)

ശീതളിന് നീന്തൽ അറിയില്ല. അവൾ ആപുഴയിൽ മുങ്ങി താഴ്ന്നു കൊണ്ടിരുന്നു.

'രക്ഷിക്കണേ, രക്ഷിക്കണേ' - എന്ന് നിലവിളിക്കുന്നു.

സീൻ-11 (സമീപദൃശ്യം)

നിലവിളി കേൾക്കുന്ന കാവ്യ ഒന്നും ആലോചിക്കാതെ പുഴയിൽ ചാടുന്നു.




Thank You...